## 31.05.2018-ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതർക്കായി അടിമാലി പഞ്ചായത്തിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഭവന സമുച്ചയങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.30-ന് യോഗം ആരംഭിച്ചു. ചീഫ് സെക്രട്ടറിക്ക് പുറമെ യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ടോം ജോസ് ഐ.എ.എസ്, അഡീ. ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ശ്രീ. ടി.കെ ജോസ് ഐ.എ.എസ്, അഡീ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ മനോജ് ജോഷി, പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
4. ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
5. ഡോ. ദിവ്യാ എസ്. അയ്യർ ഐ.എ.എസ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ഇടുക്കി അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ചിട്ടുള്ള 217 ഭവനങ്ങൾ ഉൾപ്പെട്ട ഭവന സമുച്ചയം ലൈഫ് മിഷൻ ഏറ്റെടുക്കുന്ന വിഷയം വിശദമായി ചർച്ച ചെയ്തു. വിശദമായ ചർച്ചയ്ക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. അടിമാലി ഗ്രാമപഞ്ചായത്തിൽ ജനനി പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച 217 യൂണിറ്റുകൾ അടങ്ങിയ ഭവന സമുച്ചയം ഭവനം ഫൗണ്ടേഷനിൽ നിന്നും ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവനരഹിതർക്കായി വാങ്ങാൻ തത്വത്തിൽ തീരുമാനിച്ചു. ഭവനം ഫൗണ്ടേഷൻ അറിയിച്ചിട്ടുള്ള പ്രകാരം പ്രസ്തുത ഭവന സമുച്ചയം വാങ്ങുന്നതിന് ആവശ്യമായ തുക 26,06,88,204 രൂപയാണ്.

   (നടപടി - ലൈഫ് മിഷൻ)

2. ടി ഭവന സമുച്ചയം ലൈഫ് പദ്ധതിയുടെ ഇടുക്കി ജില്ലയിലെ ആദ്യത്തെ മാതൃകാ അപ്പാർട്ടുമെന്റ് കോംപ്ലക്സ് ആക്കുന്നതിന് തീരുമാനിച്ചു.

   (നടപടി - ലൈഫ് മിഷൻ)

3. ഭവനം ഫൗണ്ടേഷനെ ഫൈനാൻസ് വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസിയാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ തിരുമാനിച്ചു.

(നടപടി- ധനകാര്യവകുപ്പ്, ഭവനം ഫൗണ്ടേഷൻ, തൊഴിൽ & നൈപുണ്യ വകുപ്പ്)

31/5/18

31/5/2018

1/6/18

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

നം. എൽ.എഫ്/ജനറൽ/2017/ലൈഫ് തിയതി : 01.06.2018

## നോട്ട്

ലൈഫ് മിഷന്റെ സാമ്പത്തിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 31.05.2018 വൈകുന്നേരം 4.30–ന് കൂടിയ യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

01/06/18

Chief Executive Officer
Life Mission
Government of Kerala

അഡീ. ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

2/6/18

## 31.05.2018-ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

ലൈഫ് മിഷന്റെ സാമ്പത്തിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 31.05.2018 വൈകുന്നേരം 4.30-ന് യോഗം ചേർന്നു. ചീഫ് സെക്രട്ടറിക്ക് പുറമെ യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ടോം ജോസ് ഐ.എ.എസ്, അഡീ. ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ശ്രീ. ടി.കെ ജോസ് ഐ.എ.എസ്, അഡീ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. മനോജ് ജോഷി ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്
4. ശ്രീ. എസ്. കൗശിക് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്
5. ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്, സെക്രട്ടറി, മൈനോരിറ്റി വെൽഫെയർ ഡിപ്പാർട്ടുമെന്റ്
6. ശ്രീ. അനിൽ സേവ്യർ ഐ.എ.എസ്, സെക്രട്ടറി, കൃഷി വകുപ്പ് (ലിങ്ക് ഓഫീസർ, ഫിഷറീസ്)
7. ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ശ്രീ. അലി അസ്ഹർ പാഷ ഐ.എ.എസ്, ഡയറക്ടർ, പട്ടികജാതി വകുപ്പ്
9. ശ്രീ. പി. പുകഴേന്തി ഐ.എഫ്.എസ്, ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്
10. ശ്രീ. എസ്. വെങ്കിടേസപതി ഐ.എ.എസ്, ഡയക്ടർ, ഫിഷറീസ്
11. ഡോ. അദീല അബ്ദുള്ള ഐ.എ.എസ്, സി.ഇ.ഒ, ലൈഫ് മിഷൻ
12. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്
13. ശ്രീ. ടോം ചാക്കോ, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വകുപ്പ്
14. ശ്രീമതി ഗിരിജ കുമാരി ജി, ജോയിന്റ് ഡയറക്ടർ, ഫിഷറീസ്
15. ശ്രീമതി. സ്മിത ബി. നായർ, ജോയിന്റ് ഡയറക്ടർ, ഫിഷറീസ്
16. ശ്രീ. വിപിൻ വിജയൻ, ഫിനാൻസ് വകുപ്പ്

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പുകൾക്ക് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക മുഴുവൻഗുണഭോക്താക്കളുടെയും വീടുകളുടെ നിർമ്മാണത്തിന് മതിയാവുകയില്ല എന്ന് യോഗം വിലയിരുത്തി. ഇതു പരിഹരിക്കുന്നതിനായി വേണ്ടിവരുന്ന തുക അധികമായി ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതു സംബന്ധിച്ചും വകുപ്പുകളുടെ ബജറ്റിൽ ഭവനവുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുള്ള തുക മുഴുവനും ഈ വർഷം വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിനായി ലൈഫ് മിഷനിലേക്ക് നൽകുന്നത് സംബന്ധിച്ചും വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരുമായി ചർച്ച ചെയ്തു. വിശദമായ ചർച്ചയ്ക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. വകുപ്പദ്ധ്യക്ഷന്മാർ വകുപ്പുമന്ത്രിയുമായി ടി വിഷയം ചർച്ച ചെയ്യുന്നതിനും ഭവനവുമായി ബന്ധപ്പെട്ട് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക മുഴുവനും ലൈഫ് മിഷനിലേക്ക് കൈമാറുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ചുമതലപ്പെടുത്തി.

(നടപടി - പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, മൈനോരിറ്റി വകുപ്പ്, ലേബർ വകുപ്പ്)

2. ഭവന നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ വകുപ്പുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ്)

01/06/18

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

അഡീ. ചീഫ് സെക്രട്ടറി (0/0)
തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് സെക്രട്ടറി 2/6/18

നമ്പർ:എൽ എഫ്/01 (03)/2017

ലൈഫ്മിഷൻ കാര്യാലയം, സെക്രട്ടറിയറ്റ്
തിരുവനന്തപുരം 07.09.2017

## നോട്ട്

02092017 ൽ ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ
ലൈഫ് മിഷൻ

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

7/9/2017

T.K. JOSE. IAS
Principal Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram-695 001

ബഹു.ചീഫ് സെക്രട്ടറി

Approved
7/9/17

02.09.2017 ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത LIFE മിഷൻ അവലോകനയോഗത്തിന്റെ മിനിറ്റ്സ്

LIFE മിഷൻ പ്രവർത്തനപുരോഗതിയും ഉടനേ ആവശ്യമായ നടപടികളും വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗം 2 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

I. LIFE മിഷൻ ഗുണഭോക്തൃപട്ടിക അന്തിമമാകുന്നതേയുള്ളൂ എന്നാൽ നഗര പ്രദേശത്ത് കണ്ടെത്തിയിട്ടുള്ള എല്ലാ ഭവന രഹിതർക്കും കേന്ദ്രസർക്കാർ ധനസഹായമായ 1.5 ലക്ഷം രൂപ വീതം PMAY(U) പദ്ധതിയിൽ ലഭ്യമാക്കാനാകുമെന്ന് ഉറപ്പുലഭിച്ചിട്ടുള്ളതായി തദ്ദേശ ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇതനുസരിച്ച് നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനു നേരിടുന്ന തടസ്സങ്ങൾ PMAY(U) പ്രതിനിധി ശ്രീമതി. ഭാവന വിശദമാക്കി - PMAY സർവ്വേപ്രകാരം 1.8 ലക്ഷം പേരോളമാണ് നഗര പ്രദേശത്ത് ഭവന രഹിതരായുള്ളത് ഇതിൽ 80,000 പേർ സ്വന്തമായി ഭൂമിയുള്ളവരും ഒരുലക്ഷത്തോളം പേർ ഭൂരഹിതരുമാണ്. ഭൂമിയുള്ള ഭവനരഹിതരിൽ 28,976 പേർക്കു വീടുനൽകുന്നതിന് PMAY അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കി 10000 പേർക്കുള്ള ഭവന പദ്ധതിക്ക് DPR തയ്യാറാക്കി PMAY(U)ൽ സമർപ്പിച്ചുകഴിഞ്ഞു. ഇനിയുള്ള നാല്പത്തിമൂവായിരത്തോളം ഭവനരഹിതർക്ക് വീടിനായുള്ള വിശദാംശരേഖ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന തടസ്സങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

1. ഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് തണ്ണീർത്തട/CRZ നിയമങ്ങൾ തടസ്സമാകുന്നവ, നിലവിൽ പാരമ്പര്യ സ്വത്ത് സ്വന്തം പേരിലാക്കി കിട്ടിയിട്ടില്ലാത്ത ഭവനരഹിത ഗുണഭോക്താക്കൾ
2. കേന്ദ്ര ധനസഹായമായ 1.5 ലക്ഷത്തിനുപുറമേ ആവശ്യമായ മുനിസിപ്പാലിറ്റി, സംസ്ഥാന സർക്കാർ ധനസഹായം നീക്കി വയ്ക്കുന്നതിനുള്ള പരിമിതി.
3. ആകെ ധനസഹായം LIFE മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന് അനുസൃതമാകണമെന്ന തീരുമാനമുണ്ട് എന്നാൽ ഈ യൂണിറ്റ് കോസ്റ്റ് അന്തിമമാക്കിയിട്ടില്ലാത്തതിനാൽ നിലവിൽ PMAY(U)നുള്ള വിശദാംശരേഖയിൽ സാമ്പത്തിക വിശദാംശം ചേർക്കാനാകുന്നില്ല.

ഒരു ലക്ഷത്തോളം വരുന്ന നഗരപ്രദേശ ഭൂരഹിത ഭവനരഹിതരുടെ കാര്യത്തിൽ ഇവർക്കുവീടുനൽകുന്നതിനാവശ്യമായ ആയിരം ഏക്കറോളം ഭൂമികണ്ടെത്തുന്നതിനു കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാന തടസ്സം.

ഇക്കാര്യത്തിൽ യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. ഓരോ ജില്ലയിലേയും നഗരസഭതിരിച്ച് കണ്ടെത്തിയിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെയും ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക PMAY സംസ്ഥാനയൂണിറ്റ് ഉടനേ LIFE മിഷൻ സ്റ്റേറ്റ് സെല്ലിനും ചീഫ് സെക്രട്ടറിക്കും (സെപ്തംബർ 7 ന്-മുമ്പേ) ലഭ്യമാക്കേണ്ടതാണ്.
2. ചെറിയ പ്ലോട്ടുകളിലുള്ള ഭവന നിർമ്മാണത്തിനു തണ്ണീർത്തട/CRZ നിയമങ്ങളിൽ ഇളവു നൽകുന്നതിനുള്ള നിയമങ്ങൾ നിലവിലുണ്ട്. LIFE മിഷൻ ഗുണഭോക്താക്കൾക്ക് ഈ നിയമങ്ങൾക്കനുസൃതമായി നിർമ്മാണ അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അധികാരപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്.

3. നിലവിൽ കുടുംബസ്വത്ത് ഭാഗം പിരിഞ്ഞ് നിയമാനുസൃതമായി സ്വന്തം പേരിലാക്കി ലഭിച്ചിട്ടില്ലെങ്കിലും മാതാപിതാക്കൾ നൽകുന്ന ഉടമ്പടിപത്രത്തിന്റെ അടിസ്ഥാനത്തിൽ LIFE മിഷൻ ഭവന നിർമ്മാണ അനുമതിയും സഹായവും ലഭ്യമാക്കാവുന്നതാണ്.

4. നിലവിൽ DPR തയ്യാറാക്കുന്നതിന്റെയും തുടർനടപടികൾ സ്വീകരിക്കുന്നതിന്റെയും പുരോഗതി നിരീക്ഷിക്കുന്ന സോഫ്റ്റ് വെയറിന്റെ ലിങ്ക് PMAY State cell ചീഫ് സെക്രട്ടറിക്കും LIFE മിഷൻ CEOയ്ക്കും കൂടി ലഭ്യമാക്കണം.

5. പുതുതായി DPR തയ്യാറാക്കപ്പെടേണ്ട നാല്പത്തിമൂവായിരത്തോളം ഭൂമിയുള്ള ഭവനരഹിതരുടെ പ്രശ്നപരിഹാരത്തിനുള്ള നടപടികൾ ദിനംപ്രതി നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ് വെയർ IT മിഷൻ തയ്യാറാക്കണം.

6. നിലവിൽ പൂർത്തീകരിക്കപ്പെടാത്ത വീടുകളുടെ പൂർത്തീകരണത്തിനായി നിശ്ചയിച്ചിട്ടുള്ള നാലുലക്ഷം രൂപ എന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിലും DPR തയ്യാറാക്കേണ്ടത്. ഇതിൽ മാറ്റം ആവശ്യമാണോ എന്നു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള LIFE സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് വൈകാതെ തീരുമാനമെടുക്കും.

7. കേന്ദ്ര ധനസഹായത്തിനും നഗരസഭാവിഹിതത്തിനും പുറമേ ആവശ്യമായ തുക LIFE മിഷൻ ലഭ്യമാക്കും എന്ന് തീരുമാനിച്ചിട്ടുണ്ട് എന്നതിനാൽ, അതിന്റെ പേരിൽ പ്രോജക്റ്റ് രൂപീകരണം വൈകേണ്ടതില്ല.

8. ഭൂരഹിത ഭവനരഹിതർക്കായി ഭൂമികണ്ടെത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക നൽകുന്നതാണ്. ഇക്കാര്യത്തിൽ ജില്ല തിരിച്ചുള്ള ആവശ്യകതാപട്ടിക PMAY ജില്ലാ ഓഫീസറന്മാരുടെ ചർച്ചയിൽ അന്തിമമാക്കണം ഇതിനായി PMAY ജില്ലാ ഓഫീസറന്മാരുടെ വീഡിയോ കോൺഫറൻസ് സെപ്തംബർ 7 ന് ഉച്ചയ്ക്ക് 2 മണിക്ക് ക്രമീകരിക്കേണ്ടതാണ്.

9. PMAY അർബൻ പദ്ധതിയിൽ തുക മുൻകൂറായി നൽകാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. നിലവിൽ നഗരപ്രദേശങ്ങളിലായി കണ്ടെത്തിയിട്ടുള്ള 1,00,000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കാണ് ഭവനസമുച്ചയങ്ങൾ ആവശ്യമായി വരിക. ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള കെട്ടിടരൂപരേഖയനുസരിച്ച് ഒരു ഏക്കറിൽ നൂറ് അപ്പാർട്ട്മെന്റുകൾ സാദ്ധ്യമാണ്. അതായത് 1000 ഏക്കർ ഭൂമി അടിയന്തിരമായി 93 നഗരസഭകളിലായി കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ഭൂമി കുറവുചെയ്ത് ഓരോ നഗരസഭകളിലും എത്ര ഭൂമി ഇനി കണ്ടെത്തേണ്ടതായുണ്ടെന്ന് കണക്കാക്കി, വീഡിയോ കോൺഫറൻസിൽ വ്യക്തത വരുത്തണം. ഭൂമികണ്ടെത്തുന്നതിന്റെ പുരോഗതി മോണിറ്റർ ചെയ്യാൻ IT മിഷൻ സോഫ്റ്റ് വെയർ തയ്യാറാക്കണം.

10. ഇപ്രകാരം IT മിഷൻ, മോണിറ്ററിങ്ങ് സോഫ്റ്റ് വെയർ പൂർത്തീകരിക്കുന്നതു വരെ ഗൂഗിൾ സ്പ്രെഡ്ഷീറ്റ് ഉപയോഗിച്ചുള്ള ഒരു മോണിറ്ററിങ്ങ് സംവിധാനം LIFE മിഷൻ ഒരുക്കേണ്ടതാണ്. ഇതിനുപുറമെ ചീഫ് സെക്രട്ടറിക്ക് ജില്ലാ കളക്ടറന്മാരുമായി ഏതു സമയവും ബന്ധപ്പെടാനുള്ള ഒരു SKYPE സംവിധാനം കൂടി IT മിഷൻ സജ്ജീകരിക്കേണ്ടതാണ്.

II. LIFE മിഷൻ പതിന്നാല് ജില്ലകളിലുമായി സ്ഥാപിക്കാൻ തീരുമാനിച്ച പൈലറ്റുകളുടെ നടത്തിപ്പ് മുന്നോട്ടുപോയിട്ടില്ല. നിലവിൽ COSTFORD, HABITAT, നിർമ്മിതി കേന്ദ്രം, ULCCS എന്നിങ്ങനെ നാല് നിർമ്മാണ ഏജൻസികൾ മാത്രമാണ് അംഗീകൃത ഏജൻസികളായുള്ളത് ഇവയിൽ ULCCS നാലു ജില്ലകളിലും മറ്റുള്ളവർ ഓരോ ജില്ലയിലും നിർമ്മാണം ഏറ്റെടുക്കാൻ തയ്യാറാണ്. ബാക്കി ഏഴുജില്ലകളിലേക്ക് നിർമ്മാണ ഏജൻസിയെ നിശ്ചയിക്കേണ്ടതുണ്ട്. മേൽപറഞ്ഞ

ഏജൻസികൾ സമർപ്പിച്ചിട്ടുള്ള കെട്ടിട രൂപകല്പനയും എസ്റ്റിമേറ്റും വളരെ വ്യത്യസ്തങ്ങളാണ്. ഇക്കാര്യത്തിൽ വ്യക്തമായ സാങ്കേതിക പരിശോധന നടത്തി design, material specifications, estimate എന്നിവയിൽ സമരൂപം കൈവരിക്കേണ്ടതുണ്ട് .ഇതിനായി ഒരു സാങ്കേതിക സമിതിക്ക് രൂപം നൽകി സർക്കാർ ഉത്തരവാക്കണം. ഇക്കാര്യത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. LIFE ഭവന സമുച്ചയങ്ങളുടെ രൂപകല്പന, നിർമ്മാണ വസ്തുക്കളുടെ സ്പെസിഫിക്കേഷനുകൾ എന്നിവ അന്തിമമാക്കുന്നതിന് ഒരു സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവ് ചീഫ് സെക്രട്ടറിയുടെ ഓഫീസ് പുറപ്പെടുവിക്കുന്നതാണ്.
2. ഈ സാങ്കേതിക വിശദാംശങ്ങൾക്കനുസരിച്ച് പൈലറ്റ് ഭവന സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്, നിലവിൽ നിർമ്മാണ ഏജൻസിയെ നിശ്ചയിച്ചിട്ടില്ലാത്ത ഏഴു ജില്ലകളിലേക്കായി LIFE സ്റ്റേറ്റ് മിഷൻ സെൽ, ലിമിറ്റഡ് ടെൻഡർ വിളിക്കുന്നതാണ്.
3. മേൽപ്പറഞ്ഞ ടെൻഡറിൽ നിശ്ചയിക്കപ്പെടുന്ന കുറഞ്ഞ നിർമ്മാണച്ചെലവിൽ നിന്നും അധികരിക്കാത്ത നിരക്കിൽ തന്നെ ഭവനസമുച്ചയ നിർമ്മാണം ഏറ്റെടുക്കണമെന്ന്, സർക്കാർ അംഗീകാരമുള്ള നാലു നിർമ്മാണ ഏജൻസികളോടും ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത നിരക്കിൽ അധികരിക്കാതെ ഈ നാല് ഏജൻസികൾക്കും അവർക്ക് അനുവദിച്ചിട്ടുള്ള ജില്ലകളിലെ നിർമ്മാണം ഉടനെ ആരംഭിക്കാൻ ഉത്തരവ് നൽകാം.

III. നിലവിൽ കുടുംബശ്രീ നടത്തിയ ഗുണഭോക്തൃ സർവ്വേയും അതിനുമേൽ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വന്നിട്ടുള്ള അപ്പീലുകളും ചേരുമ്പോൾ ഏതാണ്ട് പത്തുലക്ഷം കുടുംബങ്ങളെയാണ് ഭവന രഹിതരായി കണ്ടെത്തിയിട്ടുള്ളത്. ഇത് മുൻ സർവ്വേ ഫലങ്ങളുമായി പൊരുത്തപ്പെടാത്ത വിധം അസ്വാഭാവികമായി ഉയർന്ന എണ്ണമാണ്. ഇക്കാര്യത്തിൽ നിശിതമായ പുനഃപരിശോധന ഉണ്ടാകേണ്ടതുണ്ട്.

IV. പൂർത്തീകരിക്കപ്പെടാത്ത 70,000–ത്തോളം വീടുകളാണ് സംസ്ഥാനത്തുള്ളത് ഇവയുടെ പൂർത്തീകരണത്തിനുള്ള നടപടി ഇക്കൊല്ലം തന്നെ ഉണ്ടാവേണ്ടതാണ്. ഈ ഭവനങ്ങളുടെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള എണ്ണവും നിർമ്മാണ നിലയും, സെപ്തംബർ ഇരുപതാം തീയതിയോടെ സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി ശേഖരിച്ച് ലഭ്യമാക്കുമെന്ന് LIFE സ്റ്റേറ്റ് മിഷൻ സെൽ അറിയിച്ചു. അപ്പോഴേക്കും ഇതിനുള്ള നടപടികൾ.. മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള .. വ്യക്തമായ മാർഗ്ഗനിർദ്ദേശം തയ്യാറാക്കപ്പെടണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

V. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, വരുന്ന ഒക്ടോബർ 2–ന് ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അതതു പ്രദേശത്തെ പൂർത്തീകരിക്കാനുള്ള വീടുകളുടെ ഗുണഭോക്താക്കളുടെ ഒരു LIFEസഭ വിളിച്ചു ചേർത്ത് അടുത്ത ഗഡു തുക കൈമാറുകയും ഭവനനിർമ്മാണ പൂർത്തീകരണത്തിന് ആവശ്യമായ സാങ്കേതിക–സാമൂഹ്യ സഹായ സംവിധാനങ്ങൾ (TPTAയിലെ സാങ്കേതിക വിദഗ്ധരുടെ പരിശോധന, നിർമ്മാണ ഗുണമേന്മ ഉറപ്പാക്കാനും ചെലവു കുറയ്ക്കാനുമുള്ള സാങ്കേതികോപദേശം, അധിക ചെലവുവരാവുന്നിടത്തേയ്ക്കായി പ്രാദേശിക സ്രോതസ്സുകളുടെ ഏകോപനം തുടങ്ങിയവ) സജ്ജമാക്കി അവ ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

യോഗം 3.45ന് അവസാനിച്ചു.

7/9/2017

## ലൈഫ് മിഷൻ – ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.07.2017-ൽ കൂടിയ യോഗത്തിന്റെ മിനിട്സ്

യോഗം ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 9.30-ന് ആരംഭിച്ചു.

ചർച്ചകളെ തുടർന്ന് താഴെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.

E - OFFICE
Receipt E-No 15250989 / 2017 /AC5

1. **പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

- നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് നൽകുന്ന ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇത് ആറു ലക്ഷം രൂപ വരെ ആയിരിക്കും. ഓരോ വീടിന്റെയും പൂർത്തീകരണ ഘട്ടം പരിശോധിച്ച് ആനുപാതിക ധനസഹായം നൽകുന്നതാണ്.
- ആനുപാതിക വർദ്ധനവിന് ശേഷവും നിർമ്മാണം പൂർത്തിയാക്കുന്നതിന് തുക പര്യാപ്തമല്ലെങ്കിൽ പ്രാദേശിക വിഭവ സമാഹരണം നടത്തി ഭവനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.
- നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യങ്ങളിൽ എംപാനൽ ചെയ്ത ഏജൻസികൾ / കരാറുകാർ മുഖേന നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഇല്ലാ എന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ഉത്തരവാദിത്തം ആയിരിക്കും.

2. **ഭവനസമുച്ചയങ്ങളുടെ നിർമ്മാണം**

- ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകാരമുള്ള ഏജൻസികളെ പങ്കെടുപ്പിച്ച് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് നിർമ്മാണം ഏല്പ്പിക്കുവാൻ തീരുമാനിച്ചു.
- ആദ്യഘട്ട ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് CREDAI പോലെ സർക്കാർ അംഗീകാരം ഇല്ലാത്ത ഏജൻസികളെ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇത്തരം ഏജൻസികളെ പിന്നീടുള്ള ഘട്ടങ്ങളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് നിയമവശം കൂടി പരിശോധിച്ച് പരിഗണിക്കുവാനും തീരുമാനിച്ചു.
- ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകാരമുള്ള ഏജൻസികളെ ചുമതലപ്പെടുത്തുമ്പോൾ നിർമ്മാണത്തിന്റെ ഗുണനിലവാരം

പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്ജിനീയറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. ഇതോടൊപ്പം Third Party Quality Control Mechanism കൂടി ഏർപ്പെടുത്തുവാനും തീരുമാനിച്ചു.

- ആദ്യഘട്ടത്തിൽ നിർമ്മിക്കുന്ന ഭവനസമുച്ചയങ്ങൾക്ക് എത്ര നിലകളാകാം എന്നത് തീരുമാനിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ ഒരു യോഗം വിളിച്ച് ചേർക്കുവാൻ തീരുമാനിച്ചു.

3. <u>വ്യക്തിഗത ഭവനനിർമ്മാണം</u>

- വ്യത്യസ്തമായ ഭൂപ്രദേശങ്ങളിൽ വ്യക്തിഗത ഭവന നിർമ്മാണം നടത്തുന്നതിനായി നാലോ അഞ്ചോ രീതിയിൽ വ്യത്യസ്ത soil condition അനുസരിച്ച് ഡിസൈൻ തയ്യാറാക്കി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്ജിനീയറെ ചുമതലപ്പെടുത്തി. പ്രസ്തുത ഡിസൈനുകൾ പരിശോധിച്ച് ഒരു ഏകീകൃത നിരക്ക് അടുത്ത യോഗത്തിൽ നിശ്ചയിക്കുവാൻ തീരുമാനിച്ചു.
- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്ജിനീയർ ഡിസൈനുകൾ തയ്യാറാക്കുമ്പോൾ ' സ്റ്റെയർകെയിസ് ' നിർബ്ബന്ധമായും ഉണ്ടാകേണ്ടതാണ്. ഭവനത്തിന്റെ അടിസ്ഥാനം നിർമ്മിക്കുമ്പോൾ ആവശ്യമെങ്കിൽ ഭാവിയിൽ ഭവനത്തിന്റെ വിസ്തൃതി കൂട്ടുന്നതിന് വേണ്ട മുൻകരുതൽ ഉണ്ടാവേണ്ടതാണ്.
- വ്യക്തിഗത ഭവന നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യങ്ങളിൽ ഏജൻസികൾ / കരാറുകാർ മുഖേന നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.
- വ്യക്തിഗത ഭവന നിർമ്മാണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങളുടെ അധ്വാനം ഭവന നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്.
- ഈ പദ്ധതികൾ മേൽനോട്ടം നടത്തുന്നതിനായി ഒരു എം.ഐ.എസ്. രൂപം നൽകുവാൻ ഐ.കെ.എം.-നോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

4. <u>ധനസമാഹരണം</u>

- ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഒരു സമിതി ധനസമാഹരണത്തിന് ആവശ്യമായ Macro Level Planning നടത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ Micro Level Planning നടത്തുവാനും തീരുമാനിച്ചു.

- വരുന്ന നാല് വർഷത്തേക്ക് ആവശ്യമുള്ള തുക എത്രയെന്ന് നിശ്ചയിക്കുന്നതിനും അത് കണ്ടെത്തുന്നതിനും വേണ്ടി തുടർ ചർച്ച നടത്തുവാൻ തീരുമാനിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ലൈഫ് മിഷനിലേക്ക് ധനസമാഹരണം നടത്തുവാനും പിന്നീട് ആവശ്യാനുസരണം താഴെ തട്ടിലേക്ക് തുക വിതരണം ചെയ്യുവാനും തീരുമാനിച്ചു.

**സി.ഇ.ഒ., ലൈഫ് മിഷൻ**

**സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്**

**അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

14.7.17

**ചീഫ് സെക്രട്ടറി**

14/07/2017

Attendance of Participants – Life Mission

Venue: CS's Committee Room

Date: 26-07-2017 at 9.30 am

01. Chief Secretary

02. K. M. Abraham

03. Dr. Sharmila Mary Joseph Secry Plg & EA

04. A. Shajahan Secy, LSGD

05. Dr. Adeela. CEO, LIFE

06. Geethalakshmi K AEE, % the CE

07. Jayachandran. M.C AE o/o the CE

08. Hyder EA CE

09. CE LSGD

10. Jafar Malik. DS Planning

11. Shiji. E. Chandran Senior Town Planner, CTP office.

## ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 27.12.2016, 6.P.M ന് ചീഫ് സെക്രട്ടറിയുടെ കോൺഫറൻസ് ഹാളിൽ വച്ച് LIFE പദ്ധതിയെ സംബന്ധിച്ച യോഗത്തിന്റെ മിനിട്ട്സ്

LIFE മിഷന്റെ നടത്തിപ്പിനെ സംബന്ധിച്ചും, ആയതിന് രൂപംകൊടുക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ചും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം പ്രത്യേകമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.

LIFE മിഷന്റെ പ്രവർത്തനം, നാളിതുവരെ സജീവമായിട്ടില്ല എന്നും, അടിയന്തിരമായി മിഷൻ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപംനൽകണമെന്നും ചീഫ് സെക്രട്ടറി ആമുഖമായി പറഞ്ഞു. തുടർന്ന് ഓരോ വിഷയത്തിലും വിശദമായ ചർച്ചനടന്നു. താഴെപറയുന്ന ശുപാർശകൾ സമർപ്പിക്കുവാൻ തീരുമാനിച്ചു.

### (1) പദ്ധതിയുടെ ഗുണഭോക്താക്കൾ

a. ഭൂമിയുള്ള ഭവനരഹിതർ

b. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ

c. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ, താത്ക്കാലിക ഭവനമുള്ളവർ

d. ഭൂമിയില്ലാത്ത ഭവനരഹിതർ

കുറിപ്പ്:-

1. ഭവന നിർമ്മാണം പൂർത്തിയാക്കാത്തവ - ഭവന നിർമ്മാണം തുടങ്ങി പൂർത്തിയാക്കാത്തവർ, അതായത്, ചുവർ, മേൽക്കൂര, ജനൽ, വാതിൽ തുടങ്ങിയവ ഇല്ലാത്ത ഭവനങ്ങൾ.
2. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ - സ്ഥിരതയുള്ള ചുമർ/മേൽക്കൂര/എന്നിവ ഇല്ലാത്ത ഭവനങ്ങൾ, കൂടാതെ റിപ്പയർ ചെയ്താലും വാസയോഗ്യമാക്കാൻ കഴിയാത്ത ഭവനങ്ങൾ

### (2) ഗുണഭോക്താവിന്റെ യൂണിറ്റ് കുടുംബമായിരിക്കുന്നതാണ്.

കുടുംബം :

1. ഒരു റേഷൻ കാർഡ് ഒരു കുടുംബമായി പരിഗണിക്കുന്നതാണ്.

(അല്ലെങ്കിൽ)

2. ഒരു ഭവനത്തിൽ ഒന്നിൽ കുടുതൽ അടുക്കള ഉണ്ടായിരിക്കുകയും, പ്രസ്തുത അടുക്കള ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്ത് കഴിക്കുന്നവരെ, വ്യത്യസ്ത കുടുംബമായി പരിഗണിക്കുന്നതാണ്.

(അല്ലെങ്കിൽ)

3. കല്യാണം കഴിഞ്ഞ്, സ്വന്തമായി ഭവനമില്ലാതെ കുടുംബമായി മറ്റ് വീടുകളിൽ/മാതാപിതാക്കളോടൊപ്പം ഒരു വർഷത്തിൽ കൂടുതൽ ഒരുമിച്ച് താമസിക്കുന്നവർ

കുറിപ്പ് :1. അഗതികളെ ഒരു യൂണിറ്റായി പരിഗണിക്കാവുന്നതാണ്.

2. മാതാപിതാക്കൻമാരിൽ നിന്നും ലഭിക്കാൻ സാധ്യത ഉള്ളവരെ ഒഴിവാക്കേണ്ടതാണ്.

## (3) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധന

### a. പരിശോധനയക്കായി ഉപയോഗിക്കേണ്ട ഡാറ്റകൾ

- SECC വിവരങ്ങൾ
- വീടില്ലാത്തവരെക്കണ്ടെത്തുന്നതിനായി നടത്തിയിട്ടുള്ള വിവിധ സർവ്വേയുടെ വിവരങ്ങൾ
- നഗരസഭ/പഞ്ചായത്ത് തലത്തിൽ പ്രത്യേകം അപേക്ഷ ക്ഷണിച്ച് ലഭ്യമാകുന്ന ഗുണഭോക്തൃ പട്ടിക

### b. വാലിഡേഷൻ

- പരിശീലനം നേടിയ കുടുംബശ്രീ പ്രവർത്തകർ (മുൻപരിചയം, പത്താംക്ലാസ്സ് എന്നിവ അധിക യോഗ്യത)

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ (SECC വിവരങ്ങൾ, മറ്റ് സർവ്വേ വിവരങ്ങൾ), ഗുണഭോക്താക്കളെ നേരിട്ട് സമീപിച്ച് നിർദ്ദിഷ്ട ഫോമിൽ വിവരം ശേഖരിക്കേണ്ടതും, ഗുണഭോക്താവിന് നിലവിൽ വീടുണ്ടെങ്കിൽ അതുൾപ്പെടുന്ന ഫോട്ടോ എടുക്കേണ്ടതുമാണ്.

### c. സുപ്പർ വൈസർ

നഗരസഭകളിൽ JHI/JPHN/HI/RI/ICDS Supervisor എന്നിവരിൽ നിന്നും ആവശ്യമായ എണ്ണം സുപ്പർവൈസർമാരെയും പഞ്ചായത്തുകളിൽ ICDS Supervisor/VEO എന്നിവരെ മേൽ പരിശോധനയ്ക്കായി ചുമതലപ്പെടുത്തേണ്ടതാണ്. ഇവരുടെ ദൈദനംദിന പ്രവൃത്തികൾക്ക് പുറമെ ആയിരിക്കും മേൽ ചുമതല.

d. ജില്ലാതല പരിശോധന

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള സർവ്വേ വിവരങ്ങൾ RDO/Sub Collector/Asst. Collector തലത്തിൽ 5% നിർബന്ധമായും റാൻഡം പരിശോധന നടത്തേണ്ടതാണ്. ഇതിനുള്ള പൂർണമായ ചുമതല ജില്ലാതല മിഷനായിരിക്കുന്നതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി വകുപ്പ്തലത്തിൽ സ്വീകരിക്കേണ്ടതാണ്.

e. അംഗീകാരം

ആവശ്യമായ പരിശോധനകൾ പൂർത്തിയാക്കിയശേഷം ഗുണഭോക്താക്കളുടെ പട്ടിക, ഫോട്ടോ സഹിതം ഐകെഎം/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/കുടുംബശ്രീ/എൽഎസ്ജിഡി/ജില്ലാകളക്ടർ എന്നിവരുടെ വെബ്സൈറ്റുകളിൽ കുറഞ്ഞത് 10 ദിവസമെങ്കിലും ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കേണ്ടതും, ആയതിന്റെ ഒരു പകർപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കേണ്ടതുമാണ്.

പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിന് ജില്ലാതല/പഞ്ചായത്ത് തലങ്ങളിൽ സംവിധാനം ഉണ്ടാക്കേണ്ടതും ആവശ്യമാകുന്ന പക്ഷം നേരിൽകേട്ട്/സ്ഥലം സന്ദർശിച്ച് പരാതിയിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ഇതിന് ജില്ലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

അന്ത്യമമാക്കിയ ഗുണഭോക്തൃപട്ടിക തദ്ദേശ ഭരണ സ്ഥാപനങ്ങൾ അംഗീകരിക്കുകയും ജില്ലാമ മിഷന് അയച്ചുകൊടുക്കേണ്ടതുമാണ്.

f. വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കിയെങ്കിലും പദ്ധതികളിൽ നിന്നും അർഹരായ നിരവധിപേർ ഒഴിവായിപോയിട്ടുണ്ട്. ഇവർ ലൈഫ് പദ്ധതിയുടെ ആദ്യ ഗുണഭോക്താക്കളായിരിക്കുന്നതാണ്. ഇതിനായി ഇത്തരത്തിൽ വിട്ടുപോയവരെ കണ്ടെത്തുന്നതിനായി ഫീൽഡ്തല പരിശോധന നടത്തേണ്ടതാണ്. ഇത്തരത്തിലുള്ള പരിശോധനയ്ക്കു ശേഷവും അർഹരായ ആരെയെങ്കിലും വിട്ടുപോയാൽ അവരെ ഗുണഭോക്താവാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇതിനാവശ്യമായ സംവിധാനം ജില്ലാ മിഷൻ ഒരുക്കേണ്ടതാണ്. ഇത്തരത്തിൽ അർഹതയുള്ള ഒരാളിനെപ്പോലും വിട്ടുപോയിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖാന്തിരം ജില്ലാതല സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

g. ഭവനരഹിതരായവരിൽ സ്വന്തമായി ഭൂമിയില്ലാത്തവരുടെ പട്ടിക തയ്യാറാക്കുമ്പോൾ അത്തരക്കാരുടെ പട്ടിക വില്ലേജ് ഓഫീസർമാർക്ക് കൈമാറേണ്ടതും വില്ലേജ് ഓഫീർമാർ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഭൂരഹിതഭവനരഹിതരാണ് എന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

h. സമയക്രമം

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ ഫെബ്രുവരി 2017, ആദ്യ വാരം കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും 3 ദിവസങ്ങളിലായി

പൂർത്തീകരിക്കേണ്ടതാണ്. അന്തിമ പട്ടികക്ക് 2017 ഫെബ്രുവരി പഅവസാനത്തോടെ അംഗീകാരം നൽകേണ്ടതാണ്.

i. ജില്ലാതലത്തിൽ തയ്യാറാക്കുന്ന പട്ടിക, കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് ഇതിനായി രൂപകൽപന ചെയ്തിട്ടുള്ള സോഫ്ട്‌വെയറിലേക്ക് രേഖപ്പെടുത്തേണ്ടതും, രേഖപ്പെടുത്തിയ ശേഷം ആയതിന്റെ റിപ്പോർട്ട് സംസ്ഥാന മിഷന് കൈമാറേണ്ടതുമാണ്. ആയതിന്റെ ചുമതല ലൈഫ് ജില്ലാമിഷന് ആയരിക്കുന്നതാണ്.

**j. മുൻഗണാക്രമം**

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുമ്പോൾ താഴെപറയുന്ന ഘടകങ്ങൾ പരിഗണിച്ചായിരിക്കണം മുൻഗണന നിശ്ചയിക്കേണ്ടത്.

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ

**k. സർവേയർമാരെ തെരഞ്ഞെടുക്കലും പരിശീലനവും**

സർവേയർമാരായ കുടുംബശ്രീ ഭാരവാഹികളെ സിഡിഎസ് ചെയർപേഴ്സൺമാർ തിരഞ്ഞെടുക്കേണ്ടതും, സൂപ്പർവൈസർമാരായ ഉദ്യോഗസ്ഥരെ ജില്ലാമിഷൻ തെരഞ്ഞെടുക്കേണ്ടതുമാണ്. ഇവരുടെ പേര് വിവരം, ജനുവരി 20 ന് മുമ്പായി ബന്ധപ്പെട്ടവർ ജില്ലാതല സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഇവർക്കുള്ള പരിശീലനം, ജില്ലാമിഷന്റെ ചുമതല ആയിരിക്കുന്നതാണ്.

ഒരു ഫോറത്തിന് 20 രൂപ നൽകുന്നതാണ്. സർവേ പൂർത്തീകരിക്കുന്ന മുറയ്ക്ക് 50% വും, സർവേ വിവരം പരിശോധിച്ച് അന്തിമമാക്കുന്ന മുറയ്ക്ക് ബാക്കി 50% വും ലഭിക്കുന്നതാണ്.

ഡേറ്റാ എൻട്രിക്ക് ഒരു ഫാറത്തിന് റിപ്പോർട്ട് ജെനറേറ്റ് ചെയ്ത് 5 പകർപ്പുകൾ എടുത്ത് ജില്ലാമിഷന് നൽകുന്നതുൾപ്പടെ 15 രൂപ നൽകുന്നതാണ്.

## (4) പൂർത്തീകരിക്കാത്ത ഭവനമുള്ളവർ

- പൂർത്തിയാകാത്ത ഭവനമുള്ളവർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർദ്ദിഷ്ഠ മാതൃകയിലുള്ള ഫോറത്തിൽ എല്ലാ വിവരങ്ങളും നൽകി രജിസ്ട്രർ ചെയ്യേണ്ടതാണ്.

- വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്നവർ ഗുണഭോക്താവായി വരുന്ന പക്ഷം ബന്ധപ്പെട്ട ഗുണഭോക്താക്കളെ പരിശോധിച്ച് വാസയോഗ്യയല്ലെന്ന് കണ്ടെത്തേണ്ട ചുമതല റ്റിപിറ്റിഎ ക്കാണ്.

- ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് തേർഡ്പാർട്ടി ടെക്നിക്കൽ ഏജൻസി (റ്റിപിറ്റിഎ) യെ ഏൽപ്പിക്കുന്നതും, റ്റിപിറ്റിഎ സ്ഥലം പരിശോധിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ ചിലവ് കണക്കാക്കേണ്ടതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്തി, പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്നതാണോ, എങ്കിൽ എത്ര തുക ചെലവാക്കേണ്ടി വരും, അല്ലാത്തപക്ഷം, പൊളിച്ച് നീക്കം ചെയ്ത് പുതിയ ഭവനത്തിന് അർഹരാണോ എന്നുള്ള റിപ്പോർട്ട് ജില്ലാമിഷന് സമർപ്പിക്കേണ്ടതുമാണ്.

- പുതിയ ഭവനത്തിന് അർഹതയുള്ള പക്ഷം, ഭവനരഹിതരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതും, അല്ലാത്തപക്ഷം, ഭവന പൂർത്തീകരണത്തിനായി/ ഭവനം വാസയോഗ്യമാക്കുന്നതിനായി എക്സിക്യൂഷൻ ഏജൻസിയെ ഏൽപ്പിക്കേണ്ടതുമാണ്.

- റ്റിപിറ്റിഎ യുടെ പരിശോധനവേളയിൽ ആവശ്യമായ ഫോട്ടോ എടുക്കേണ്ടതും അവയുടെ വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കേണ്ടതും ആയത് വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

- അപേക്ഷകൾ, ഫെബ്രുവരി 2017 ആദ്യവാരത്തിൽ ക്ഷണിക്കാവുന്നതാണ്.

## (5) പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടവർ

- 3 ലക്ഷം രൂപയിൽ കൂടുതൽ വാർഷികവരുമാനമുള്ളവർ

- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ സ്ഥിര ജോലിയുള്ളവർ

- ബന്ധപ്പെട്ട മേൽ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ

- ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരും മുൻസിപ്പാലിറ്റികൾ 50 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും കോർപ്പറേഷനുകളിൽ 25 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും (എസ് റ്റിക്ക് ബാധകമല്ല)

- 4 ചക്രവാഹനമുള്ളവർ (ജീവനോപാധിക്ക് ഉപയോഗിക്കുന്നവർക്ക് ബാധകമല്ല)

## (6) ഭവനത്തിന്റെ വലിപ്പം

- ഭവനത്തിന്റെ വലിപ്പം (പ്ളിന്ത് ഏരിയ) 600 ചതുരശ്ര അടി വിസ്തീർണ്ണമായിരിക്കേണ്ടതാണ്.

- ശൗചാലയം, വൈദ്യുതി, കുടിവെള്ളം, സുരക്ഷിതത്വം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## (7) ആനുകൂല്യം

- ഒരു ഭവനത്തിന്റെ യൂണിറ്റ് കോസ്റ്റ്, 3 ലക്ഷം രൂപയായി നിജപ്പെടുത്താവുന്നതാണ്. പട്ടിക ജാതി ഗുണഭോക്താക്കൾക്ക് മൂന്നര ലക്ഷം രൂപ നിശ്ചയിക്കാവുന്നതാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉള്ള പക്ഷം, 3 ലക്ഷം എന്ന പരിധി വർദ്ധിപ്പിക്കുന്നതിന് ജില്ലാതല മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അട്ടപ്പാടി മാതൃക അനുകരിക്കാവുന്നതാണ്.

- തുക 4 ഗഡുക്കളായി വിതരണം ചെയ്യാവുന്നതാണ്.

- വസ്തുവിന്റെ പ്രമാണം ജില്ലാമിഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ 7 വർഷത്തേക്ക് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

- ഗുണഭോക്താവുമായി ജില്ലാമിഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടേണ്ടതാണ്.

## (8) സ്ഥലം കണ്ടെത്തുക

- സർക്കാർ ഭൂമികൾ, പുറമ്പോക്ക് ഭൂമി, വിവിധ സർക്കാർ വകുപ്പ്/ഏജൻസി എന്നിവരുടെ ഭൂമി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി എന്നിവ കണ്ടെത്തുന്നതിനായി ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

- ഇത്തരത്തിൽ കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യത ജില്ലാമിഷൻ/റ്റിപിറ്റിഎ എന്നിവർ പരിശോധിക്കേണ്ടതും നിയമപരമായ മറ്റ് വിഷയങ്ങൾ ജില്ലാകളക്ടർമാർ പരിശോധിക്കേണ്ടതുമാണ്.

- ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തിയ ഭൂമിയുടെ വിവരങ്ങൾ (അളവ്, സർവേ നം./ബ്ലോക്ക്, വില്ലേജ്, ആരുടെ ഉടമസ്ഥതയിൽ ഉള്ളത്). ഫെബ്രുവരി 2017, അവസാനത്തോട് കൂടി ജില്ലാകളക്ടർമാർ, സംസ്ഥാനമിഷന് സമർപ്പിക്കേണ്ടതാണ്.

- തോട്ടം മേഖലയിൽ, തോട്ടം തൊഴിലാളികൾക്ക് ഭവനം വയ്ക്കുന്നതിനുള്ള ഭൂമിയും പ്രത്യേകമായി കണ്ടെത്തേണ്ടതാണ്.

## (9) വിവിധ ഏജൻസികളുടെ എംപാനൽമെന്റ്

- കേരളത്തിലെ എല്ലാ പോളിടെക്നിക്കളെയും, എഞ്ചിനീയറിംഗ് കോളേജുകളും (സിവിൽ ബ്രാഞ്ച് ഉള്ളവർ), പദ്ധതിയുടെ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയായി ചുമതലപ്പെടുത്തുന്നു. ഇതിനായി ജില്ലാ സമിതി, ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികളുടെയും യോഗം വിളിക്കേണ്ടതും സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. സംസ്ഥാന മിഷൻ അംഗീകരിക്കുന്ന ഫീസ്, ഓരോ പ്രവർത്തികൾക്കും ബന്ധപ്പെട്ട ഏജൻസികൾക്ക് ലഭ്യമാക്കുന്നതാണ്.

### എക്സിക്യൂഷൻ ഏജൻസികളുടെ എംപാനൽമെന്റ്

നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്താൻ കഴിയുന്ന സർക്കാർ സ്ഥാപനങ്ങൾ/ അംഗീകൃത സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരെ ജില്ലാ തലത്തിൽ കണ്ടെത്തി, അവർക്ക് ജില്ലാ മിഷൻ അംഗീകാരം നൽകേണ്ടതാണ്. ജില്ലാ മിഷൻ കണ്ടെത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, (ഭവന പൂർത്തീകരണം. ഭവന സമുച്ചയ നിർമ്മണം. ഒറ്റപ്പെട്ട വീടുകളുടെ നിർമ്മാണം), ഇത്തരം ഏജൻസികൾക്ക് കരാർ വഴി നൽകേണ്ടതാണ്.

### TPTA യുടെ ചുമതല

- നിർമ്മാണം പൂർത്തീകരിക്കാത്ത/വാസയോഗ്യമല്ലത്ത ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ്/പൂർത്തീകരിക്കാൻ ആവശ്യമായ തുക നിശ്ചയിക്കുക.

- എക്സിക്യൂഷൻ ഏജൻസികൾ നടത്തുന്ന പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കുക, ഉറപ്പാക്കുക,

- വ്യക്തികൾ നേരിട്ട് നടത്തുന്ന ഭവന നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക/അടുത്ത ഗഡു ധനസഹായം ലഭ്യമാക്കുന്നതിനായി നിർമ്മാണ ഘട്ടം പരിശോധിച്ച്, റിപ്പോർട്ട് നൽകുക.

- മുഖ്യ TPTA ആയി NIT കോഴിക്കോടിനെയും CET, Thiruvnanathapuram നെയും ചുമതലപ്പെടുത്തുന്നു.

### സംസ്ഥാനതല റ്റിപിറ്റി എയുടെ പ്രധാന ചുമതലകൾ

- സംസ്ഥാന മിഷന് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

- ജില്ലാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട TPTA യുടെ പ്രവർത്തനങ്ങൾ പരിശോധിക്കുക, അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തുക

- Pre-Fab/Pre-Engineering തുടങ്ങിയ പുത്തൻ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മിഷൻ പ്രവർത്തനം വേഗത്തിലും മികവുറ്റതുമാക്കുക.

- നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവിധ മാതൃക/ പ്ലാനുകൾ/ ഡിസൈനുകൾ തയ്യാറാക്കുക.

- സംസ്ഥാന മിഷൻ ചുമതലപ്പെടുത്തുന്ന മറ്റു ഉത്തരവാദിത്വങ്ങൾ

## (10) സാധന സാമഗ്രികൾ/ തൊഴിലാളികൾ എന്നിവയുടെ ലഭ്യത/ ഗുണനിലാവരം ഉറപ്പാക്കുക.

സാധനസമഗ്രികൾ/ തൊഴിലാളികൾ എന്നിവയുടെ ഗുണനിലവാരം /ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പൂർണ ചുമതല ജില്ലാ മിഷന് ആയിരിക്കുന്നതാണ്. ജില്ലാ മിഷൻ ഒരു ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കേണ്ടതാണ്. സാധനങ്ങൾ ലഭ്യമാക്കുന്നതിന് കോറി, മറ്റ് നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്നവരുമായി ചർച്ച നടത്തേണ്ടതും ന്യായവില നിശ്ചയിക്കേണ്ടതുമാണ്. ബൾക്ക് പർച്ചേഴ്സ് പോലുള്ള മാർഗ്ഗങ്ങൽ അവലംബിക്കാവുന്നതുമാണ്.

നൈപുണ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ജില്ലാ മിഷൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കുടുംബശ്രീ ജില്ലാ മിഷൻ, വനിതകളുടെ നിർമ്മാണ ഗ്രൂപ്പുകൾക്ക് രൂപം നൽകി, പദ്ധതി പ്രവർത്തനത്തിന് തൊഴിലാളികളെ സജ്ജരാക്കേണ്ടതാണ്. കൂടാതെ ഹോളോബ്രിക്സ്, സോളിഡ് ബ്ലോക് യൂണിറ്റ് തുടങ്ങി ആവശ്യമായ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കി ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## (11) വിവിധ മോഡലുകൾ ലഭ്യമാക്കൽ

ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കുറഞ്ഞത് കെട്ടിടത്തിന്റെ 16 മോഡലുകൾ വിവിധ മേഖലകളിലെ ഗുണഭോക്താക്കൾക്ക് കാണുന്നതിനും മനസ്സിലാക്കുന്നതിനുമായി ലഭ്യാമാക്കേണ്ടതാണ്. ഇതിന് സി.ആർ.ഡി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഹൗസിംഗ് ബോർഡ് ഇതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്. വസ്തുവിന്റെ വലിപ്പം, ആകൃതി എന്നിവയ്ക്ക് അനുയോജ്യമായ രീതിയിലും വിവിധ നിർമ്മാണ ഘടകങ്ങളുള്ള ഭവനങ്ങളുടെ മാതൃകയും സൃഷ്ടിക്കേണ്ടതാണ്. ഓരോ തരത്തിലുമുള്ള ഭവനം നിർമ്മിക്കാനാവശ്യമായ ചെലവും ആവശ്യമാവുന്ന നിർമ്മാണ സാമഗ്രികളുടെ വിവരവും ലളിതമായ ഭാഷയിൽ ചെറിയ ലഘുലേഖകളായി ലഭ്യമാക്കേണ്ടതാണ്.

## (12) കെട്ടിട നിർമ്മാണ അനുമതി

കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതാണ്. ഇതിനായി വൺഡേ പെർമിറ്റ് സംവിധാനം അനുവർത്തിക്കുന്നതും ഇതിന് 'സങ്കേതം' (സോഫ്ട്വെയർ) തടസ്സമാകുന്ന പക്ഷം ഈ പദ്ധതിക്കായി സങ്കേതത്തിനെ ഒഴിവാക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന 600 സ്ക്വ.ഫീറ്റിന് താഴെയുള്ള ഭവനങ്ങളെ

നിലവിലുള്ള സോണിങ് റെഗുലേഷനിൽ നിന്നും ഒഴിവാക്കുന്നു. എന്നാൽ നിലം/നിലം നികത്ത്, പാടം എന്നിവയിലെ നിർമ്മാണത്തിന് നിലവിലുള്ള നടപടിക്രമം പാലിച്ചശേഷം മാത്രമേ നിർമ്മാണ അനുമതി ലഭ്യമാക്കേണ്ടതുള്ളു.

## (13) പ്രാദേശികമായ പ്രത്യേക സംവിധാനങ്ങൾ

എല്ലാവർക്കും ഭവനമെന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രാദേശികമായി ചില ഇളവുകൾ അനുവദിക്കേണ്ടി വരുന്നതാണ്. ആയത് നിർമ്മാണ രീതി, സാങ്കേതിക ഇടപെടൽ, യൂണിറ്റ് നിരക്ക് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന മേഖലയിൽ കരാർ വ്യവസ്ഥയിലുള്ള പണികൾ അനുയോജ്യമല്ലാത്തതിനാൽ non-profit volunteers/NGO യെ ചുമതലപ്പെടുത്താവുന്നതാണ്. കോസ്റ്റൽ മേഖല, വെള്ളക്കെട്ടുള്ള മേഖല, സാധന സാമഗ്രികൾ വളരെ ദൂരത്ത് നിന്ന് കാൽനടയായി എത്തിക്കേണ്ട മേഖല എന്നിവിടങ്ങളിൽ നിർവഹണരീതി/യൂണിറ്റ് നിരക്ക്, സാങ്കേതിക ഇടപെടൽ എന്നിവ ജില്ലാസമിതിക്ക് തീരുമാനിക്കാവുന്നതാണ്.

## (14) ധനസമാഹരണം

അടുത്ത 5 വർഷംകൊണ്ട് 5 ലക്ഷത്തോളം ഭവനം ലഭ്യമാക്കുന്നതിനായി ഏകദേശം 20,000 കോടി രൂപ ആവശ്യമായി വരുന്നതാണ്. ഇത്രയും തുക ആദ്യവർഷങ്ങളിൽ ഒന്നിച്ച് ലഭ്യമാക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ ഇ.എം.എസ് പദ്ധതി നടപ്പിലാക്കിയപ്പോൾ അനുവർത്തിച്ച മാതൃക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുടരാവുന്നതാണ്. തുക അപ് ഫ്രൻ്റായി ലഭ്യമാക്കി ആന്വറ്റി മാതൃകയിൽ തിരിച്ചടയ്ക്കാവുന്നതിനും, ആയതിന്റെ പലിശ സംസ്ഥാന മിഷൻ ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കുന്നതുമാണ്. ഇതിനു പുറമെ മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സി.എസ്.ആർ പോലുള്ള ഫണ്ടുകൾ എന്നിവയും ലഭ്യമാക്കാവുന്നതാണ്. ഇതിന്റെ തുടർ നടപടികൾ സംസ്ഥാന മിഷൻ കൈക്കൊള്ളുന്നതായിരിക്കും.

## (15) നിർവ്വഹണ തന്ത്രം

- ഏറ്റവും കുറവ് ഭവനരഹിതരുള്ള 533 ഗ്രാമപഞ്ചായത്തുകളെയും 7 നഗരസഭകളെയും രണ്ടാംഘട്ടത്തിൽ പ്രത്യേക പരിഗണന നൽകി ഇവരെയും ഭവനരഹിതരില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതാണ്. 87,000 ഭവനങ്ങൾ ലഭ്യമാക്കിയാൽ 540 എൽ.എസ്.ജി.ഐ-കളെ ഇത്തരത്തിൽ ഭവനരഹിതരില്ലാത്ത സ്ഥാപനങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

- 50-ൽ താഴെ ഭവനരഹിതരുള്ള എൽ.എസ്.ജി.ഐ-കളെ ഭവനരഹിതർ ഇല്ലാത്ത എൽ.എസ്.ജി.ഐ-കൾ ആക്കുന്നതിനായി എൽ.എസ്.ജി.ഐ-കൾക്ക് നിലവിലുള്ള മാതൃക അനുവർത്തിക്കാൻ അവസരം നൽകാവുന്നതാണ്.

- 500–ൽ കൂടുതൽ ഭവനരഹിതരുള്ള എൽ.എസ്.ജി.ഐ–കളെ പ്രത്യേകം പരിശോധിക്കേണ്ടതും ജില്ലാമിഷനുകൾ പ്രത്യേക പ്രാധാന്യം നൽകേണ്ടതുമാണ്.

- 20–ൽ കുറവ് ഭൂരഹിതർ ഉള്ള എൽ.എസ്.ജി.ഐ–കൾ സ്വന്തമായി സ്ഥലം കണ്ടെത്തി ഭവനനിർമ്മാണ സഹായം എത്തിക്കേണ്ടതാണ്.

- പ്ലാന്റേഷൻ മേഖലയിൽ പണിയെടുക്കുന്നവർക്ക് പ്ലാന്റേഷൻ മേഖലയിൽ തന്നെ ഭൂമി കണ്ടെത്തി ഭവനം നിർമ്മിച്ച് നൽകേണ്ടതാണ്.

## (16) സംസ്ഥാന മിഷൻ

സംസ്ഥാന മിഷന് ആവശ്യമായ കർമ്മസേന,സ്ഥിരം ജീവനക്കാർ, ഓഫീസ് എന്നിവ കണ്ടെത്തുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു. മിഷന്റെ CEO യെ അടിയന്തിരമായി നിയമിക്കേണ്ടതായിട്ടുണ്ട്.

ജില്ലാതല സമിതിയുടെ രൂപീകരണം ബന്ധപ്പെട്ട ജില്ലാകളക്ടർമാർ ചെയ്യേണ്ടതാണ്. ആയതിന് ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നൽകുന്നതാണ്.

സംസ്ഥാന മിഷൻ, ജില്ലാതലമിഷൻ എന്നിവ ജനുവരി 15, 2017 നകം നിലവിൽ വരേണ്ടതാണ്.

## (17) സർവ്വേയുടെ നടപടിക്രമം/സർവ്വേഫോറം/Software

കരകുളം, പൂവാർ, അമ്പൂരി, എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കുടുംബശ്രീ സംസ്ഥാന മിഷൻ സർവ്വേയുടെ നടപടിക്രമം/സർവ്വേ ഫോറത്തിന്റെ രൂപകൽപ്പന എന്നിവ ചെയ്യേണ്ടതാണ്.

സർവ്വേ വിവങ്ങൾ രേഖപ്പെടുത്തുന്നതിനും, മോണിറ്ററിംഗിനും, റിപ്പോർട്ടുകൾക്കുമായി ആവാസ് മാതൃകയിൽ ഒരു സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്യേണ്ടതാണ് ഇതിന് CRD യെ ചുമതലപ്പെടുത്തുന്നു. CRD IKM/IT മിഷൻ എന്നിവയുടെ സഹായത്തോടെ സോഫ്റ്റ് വെയർ, വെബ്സൈറ്റ് എന്നിവ രൂപപ്പെടുത്തേണ്ടതാണ്.

## (18) പദ്ധതിയുടെ പ്രാരംഭ ചെലവ്

മിഷൻ പ്രവർത്തനത്തിന് ആവശ്യമായ പ്രാരംഭ ചെലവുകൾ CRD വഹിക്കേണ്ടതാണ്. പൈലറ്റ് സർവ്വേക്കുള്ള ചെലവ്, സർവ്വേ ഫോമുകളുടെ പ്രിന്റിംഗ്, സർവ്വേയർമാർക്കുള്ള പരിശീലനങ്ങൾ, അവർക്കുള്ള വേതനം, സോഫ്റ്റ് വെയർ, വെബ്സൈറ്റുകൾ രൂപകൽപ്പന, ഡാറ്റാഎൻട്രി, മിഷൻ ഭരണ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്.

## (19) ലൈഫ് ക്ലസ്റ്ററുകൾ

ഭൂരഹിത ഭവനരഹിതർക്കായി ഭവന സമുച്ചയം നിർമ്മിക്കുന്നതാണ്. സാമൂഹിക സുരക്ഷ ഉറപ്പുവരുത്തി, ജീവനോപാധി നൽകുന്ന രീതിയിലായിരിക്കും ഭവന സമുച്ചയം നിർമ്മിക്കുന്നത്.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തിൽ 6 സ്ഥലങ്ങളിൽ 100 പേർക്ക് എങ്കിലും താമസിക്കാൻ കഴിയുന്ന രീതിയിൽ 500-600 ചതുരശ്ര അടി വിസ്തീർണ്ണത്തിലും 300-400 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന തരത്തിലാന് (രണ്ട് കിടപ്പ് മുറികൾ, ഒരു കിടപ്പ് മുറി യഥാക്രമം) ഭവന സമുച്ചയം നിർമ്മിക്കേണ്ടത്. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുയോജ്യമായ സ്ഥലം, ജില്ലാകളക്ടർ സ്ഥലം കണ്ടെത്തേണ്ടതും, സംസ്ഥാന മിഷന് ഫെബ്രുവരി അവസാനത്തോട് കൂടി മുൻപായി വിവരം കൈമാറേണ്ടതാണ്. ജില്ലാമിഷൻ സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച വിവരവും മറ്റ് വിശദംശങ്ങളും കൈമാറേണ്ടതാണ്. ആദ്യഘട്ടത്തിൽ സംസ്ഥാന മിഷൻ നേരിട്ടായിരിക്കും, നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്. എന്നാൽ ജില്ലാമിഷന് ആയിരിക്കും നിർവ്വഹണ ചുമതല.

രണ്ട് തരത്തിലുള്ള മാതൃകകൾ, ഭവനം ഉപയോഗിക്കുന്നതിനായി ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത തുക മാസം വാടകയായി നൽകി താമസിക്കുന്നതിനും, വാടകയ്ക്ക് പുറമെ നിശ്ചിത തുക 20-25 വർഷകാലത്തേക്ക് നൽകി, ഭവനം സ്വന്തമാക്കുന്ന മാതൃകയും, ഇവയുടെ നിരക്കുകൾ ജില്ലാമിഷൻ, സംസ്ഥാനമിഷന്റെ അംഗീകാരത്തോടെ, നിശ്ചയിക്കുന്നതാണ്.

ആദ്യഘട്ടത്തിലുള്ള സമുച്ചയത്തിലേക്കുള്ള ഗുണഭോക്താക്കളെ ജില്ലാമിഷൻ മുൻഗണാക്രമത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്. ഒന്നാംഘട്ടത്തിലെ ഭവന സമുച്ചയങ്ങളുടെ ഡിപിആർ മാർച്ച് 31, 2017 ന് മുമ്പായി ബന്ധപ്പെട്ട ജില്ലാമിഷനുകൾ തയ്യാറാക്കുന്നതാണ്. രണ്ടാംഘട്ടത്തിൽ ഏറ്റവും കുറഞ്ഞത് 10 സമുച്ചയങ്ങൾ, സെപ്തംബർ 2017 ന് മുമ്പായി ആരംഭിക്കുന്നതാണ്.

ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ മുഖ്യ റ്റി.പി. റ്റി.എ. യുടെ സഹായത്തോടെ സംസ്ഥാനമിഷൻ നൽകേണ്ടതും നിർവഹണ ഏജൻസിയെ ജില്ലാമിഷൻ കണ്ടെത്തേണ്ടതുമാണ്. ആയതിന് സംസ്ഥാനമിഷന്റെ അംഗീകാരം തേടിയിരിക്കേണ്ടതുമാണ്.

## (20) സാങ്കേതിക വിദ്യ

5 വർഷത്തിൽ ഏകദേശം 5 ലക്ഷം ഭവനങ്ങൾ നിർമ്മിക്കുന്നതിന് നിലവിലുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നത് അനുയോജ്യമായിരിക്കില്ല. ആയതിനാൽ Pre-engineering, prefab മുതലായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതാണ്.

ആദ്യഘട്ടങ്ങളിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിൽ കുറഞ്ഞത് 2 എണ്ണമെങ്കിലും ഇത്തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതാണ്.

മുഖ്യ TPTA കളെ ഇത്തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തുന്നതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന

മിഷൻ വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതുമാണ്. കൂടാതെ BMTPC പോലുള്ള സ്ഥാപനങ്ങളുടെ സഹായവും തേടുന്നതാണ്.

വ്യക്തിഗത ഭവന നിർമ്മാണത്തിനും, ഇത്തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതാണ്. ആദ്യഘട്ടത്തിൽ ഒരു ബ്ലോക്കിൽ ഒന്ന് എന്ന രീതിയിൽ എങ്കിലും ഇത്തരത്തിലുള്ള ഭവനം നിർമ്മിക്കുന്നതാണ്. ഇത് ജനങ്ങളുടെ ഇടയിൽ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള സ്വീകാര്യത വർദ്ധിപ്പിക്കുന്നാണ്. ഇതിനു CRD ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (21) ഐറ്റി അധിഷ്ഠിത മോണിറ്ററിംഗ്

ലൈഫ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വലിയതരത്തിലുള്ള വിവരവ്യൂഹം സൃഷ്ടിക്കപ്പെടുന്നതാണ്. ഇതിനായി പ്രത്യേക സോഫ്ട്‌വെയറും, വെബ് സൈറ്റും രുപീകരിക്കുന്നതാണ്. ഇതിനായി നിലവിലുള്ള 'ആവാസ്' സോഫ്ട് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉപയോഗപ്പെടുത്തുന്നതാണ്. ഐ.കെ.എം./ഐ.റ്റി മിഷൻ എന്നിവരുടെ സഹകരണത്തോടെ സി.ആർ.ഡി., ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. <u>ഫെബ്രുവരി, 2017</u> അവാസനം പ്രസ്തുത സോഫ്ട്‌വെയർ, വെബ് സൈറ്റ് എന്നിവ നിലവിൽ വരുന്നതാണ്.

ഗുണഭോക്താക്കളെ സർവേ ചെയ്യുമ്പോൾ അവരുടെ ഫോട്ടോ എടുക്കേണ്ടതും ആയതിന് ജിയോ ടാഗ് സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. നിർമ്മാണത്തിന്റെ ഘട്ടം വ്യക്തമാക്കുന്ന ചിത്രം എടുക്കേണ്ടതും ആയത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. വെബ് സൈറ്റിന്റെ ചുമതല സംസ്ഥാനമിഷന് ആയരിക്കുന്നതാണ്. ആയതിൽ, ജില്ലാമിഷനും, ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങൾക്കും ലിങ്ക് ഉണ്ടായിരിക്കുന്നതാണ്.

പൊതുജനങ്ങളുടെ പരാതി/അഭിപ്രായം, ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഗുണഭോക്താക്കളുടെ മുഴുവൻ വിവരങ്ങളും വെബ് സൈറ്റിൽ ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**ചീഫ് സെക്രട്ടറി**

## കേരളത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് 05-8-2016 ന് വൈകിട്ട് 5.30 ന് ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് ചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിന്റെ മിനിട്ട്സ്.

യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. റ്റി.കെ. ജോസ്, സ്പെഷ്യൽ സെക്രട്ടറിമാരായ ശ്രീ. വി.കെ. ബേബി, ശ്രീ. റ്റി.പി. വിജയകുമാർ പഞ്ചായത്ത് ഡയറക്ടർ ശ്രീമതി. സി. എ. ലത, പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. കെ.പി.സാബു. രോഷ്നി പിള്ളെ മാനേജർ കുടുംബശ്രീ, ശ്രീ. രാജേന്ദ്രൻ.കെ. ജോയിന്റ് ഡവലപ്മെന്റ് കമ്മീഷ്ണർ, ഗ്രാമവികസനവകുപ്പ്, പഞ്ചായത്ത് വകുപ്പിലെയും, നഗരകാര്യ ഡയറക്ടറേറ്റിലെയും മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്തു യോഗത്തിൽ സന്നിഹിതരായവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു

കേരളത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഇ.എം.എസ്. ഭവന പദ്ധതിയുടെ തുടർച്ചയായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ചീഫ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

വിശദമായ ചർച്ചകൾക്ക് ശേഷം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു

നിലവിലുള്ള data source കളുടെ പരിമിതിമൂലം ഇതിനുവേണ്ടി വിശദമായ സർവ്വേ നടത്തണമെന്ന് തീരുമാനിച്ചു. സർവ്വേക്ക് വേണ്ടി ഒരു പ്രൊഫോർമ തയ്യാറാക്കേണ്ടതാണ്. താഴെപറയുന്ന അടിസ്ഥാന വിവരങ്ങൾക്ക് പ്രൊഫോർമയിൽ നിർബന്ധമായും പ്രധാന്യം നല്കേണ്ടതാണ്.

1. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം.
2. ഒരു റേഷൻകാർഡിന് ഒരു വീട്.
3. എസ്.സി/എസ്.ടി. ഫിഷർമെൻ

### മുൻഗണനാ മാനദണ്ഡങ്ങൾ

വിധവ, അഗതി, സ്ത്രീകൾ മാത്രമുള്ള വീട്, 80% അധികം വൈകല്യമുള്ളവർ, വരുമാനമില്ലാത്ത പുരുഷൻമാരുള്ള വീട്, ഗുരുതരമായ രോഗാവസ്ഥയിലുള്ളവർ, അവിവാഹിതരായ അമ്മമാർ ഭിന്നലിംഗക്കാർ എന്നിവർക്ക് മുൻഗണന നല്കേണ്ടതാണ്. (ഒരു കാർഡിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥർ നിജസ്ഥിതി നേരിൽ പരിശോധിച്ച് ലിസ്റ്റിൽ ഉൾപ്പെടുന്നകാര്യം തീരുമാനിക്കണം). തിരിച്ചറിയൽ രേഖകളായി റേഷൻകാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐഡി എന്നിവ പരിശോധിച്ച് അർഹത ഉറപ്പാക്കണം. നിലവിലുള്ള വീടിന്റെ മുൻപിൽ നിന്നും എടുത്ത വീടിന്റെ ഫോട്ടോ GPS/GIS co-ordinater സഹിതം GIS platform -ൽ mobile ആപ്പ് വഴി അപ്പ് ലോഡ് ചെയ്യണം.

* ഗുണഭോക്താക്കളുടെ മൻഗണന

നിലവിലുള്ള വീടിന് വൈദ്യുതി, പൈപ്പ് കണക്ഷൻ, ശുചിമുറി, കുടിവെള്ള കിണർ എന്നിവയുടെ ലഭ്യത സർവ്വേയിൽ ഉൾപ്പെടുത്തണം. സർക്കാർ ഉദ്യോഗസ്ഥർ, നാല് ചക്രവാഹനം, ഒരേക്കറിൽ കൂടുതൽ വസ്തു ഉള്ളവർ എന്നിവരെ സർവ്വേയിൽ നിന്നും ഒഴിവാക്കണം. നിലവിലുള്ള ഭൂമി വന ഭൂമിയോ പട്ടയഭൂമിയോ ആയിരിക്കരുത്.

## Survey (സർവ്വെ)

സർവ്വേയ്ക്കുള്ള പ്രൊഫോർമ്മയുടെ രണ്ട് പകർപ്പുകൾ തയ്യാറാക്കേണ്ടതും രണ്ടിലും ഗുണഭോക്താവിന്റെ ഒപ്പ് വയ്ക്കേണ്ടതും ഒരെണ്ണം ഗുണഭോക്താവിന് നൽകേണ്ടതുമാണ്. (ഡബിൾ ചെക്ക് സിസ്റ്റം). നിലവിൽ ലഭ്യമായ SECC ലിസ്റ്റ് അടിസ്ഥാനമാക്കി സർവ്വേ നടത്തേണ്ടതാണ്. നഗരപ്രദേശങ്ങളിൽ അയൽകൂട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ, അംഗൻവാടി വർക്കേഴ്സ് എന്നിവർ സംയുക്തമായി സർവ്വേ നടത്തേണ്ടതാണ്. സർവ്വേയ്ക്കായി ADS, അംഗൻവാടി വർക്കേഴ്സ് എന്നിവർ സംയുക്തമായി ഗ്രാമപ്രദേശങ്ങളിൽ സർവ്വേ നടത്തേണ്ടതാണ്. ഇവർക്കാവശ്യമായ ട്രെയിനിംഗ് വകുപ്പുതലത്തിൽ നൽകേണ്ടതാണ്. ഓരോ ദിവസവും ശേഖരിക്കുന്ന വിവരങ്ങൾ ടെക്ക്നിക്കൽ അസിസ്റ്റന്റ്മാർ അതാത് പഞ്ചായത്ത്/നഗരസഭാതലത്തിൽ തന്നെ Data entry നടത്തേണ്ടതാണ്. സർവ്വേയുടെ ഏകോപനം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലയിലും മുനിസിപ്പാലിറ്റികളിൽ/കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട സെക്രട്ടറി നിർദ്ദേശിക്കുന്ന ആളും നിർവ്വഹിക്കേണ്ടതാണ്.

ഓരോ പഞ്ചായത്തിലും 10% ശതമാനത്തിൽ കുറയാത്ത ഗുണഭോക്താക്കളുടെ അപേക്ഷകൾ അതാത് പഞ്ചായത്തുകളിലെ ഗ്രാമസേവകർ, ICDS സൂപ്പർവൈസർമാർ, അഗ്രിക്കൾച്ചറൽ ഡമോൺസ്ട്രേറ്റർ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ റാന്റം ചെക്ക് നടത്തേണ്ടതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷനെ സംബന്ധിച്ച് Health Inspector/Revenue Inspector എന്നിവർ മേൽ ജോലിചെയ്യേണ്ടതാണ്.

ജില്ലാതലത്തിൽ, DDP, ADC എന്നിവർ വാഹനങ്ങളിൽ പോയി 500 എണ്ണത്തിൽ കുറയാത്ത അപേക്ഷകളിൽ റാന്റം ചെക്ക് നടത്തേണ്ടതാണ് നഗരപ്രദേശങ്ങളിൽ വകുപ്പു നിശ്ചയിക്കുന്ന ഉന്നതഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്തണം.

സർവ്വേയുടെ വിശദാംശങ്ങൾ വകുപ്പിന്റെ Web-site ൽ പ്രസിദ്ധീകരിക്കണം. തീരപ്രദേശം, മലമ്പ്രദേശം, ജനസാന്ദ്രത എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ സർവ്വേ പൂർത്തിയാക്കുന്നതിന് എത്ര സമയം ആവശ്യമാണ് എന്ന് കണ്ടെത്തുന്നതിന് ഒരു "പൈലറ്റ്" സർവ്വേ നടത്തേണ്ടതാണ്. സർവ്വേ സെപ്റ്റംബർ 30 നകം പൂർത്തിയാക്കേണ്ടതാണ്. സർവ്വേയ്ക്ക് ആവശ്യമായ മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുന്ന മാതൃക പ്രൊഫോർമ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. രാജേന്ദ്രൻ.കെ. ജോയിന്റ് ഡവലപ്പ്മെന്റ്കമ്മീഷണർ, സി.ആർ.ഡി
2. റ്റി.പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി. എൽ.എസ്.ജി.ഡി.
3. ലത സി.എ, ഡയറക്ടർ, പഞ്ചായത്ത്.
4. കെ.പി. സാബു, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്.
5. ഡി. രാജേന്ദ്രൻ നായർ
6. കെ. പ്രശാന്ത് കുമാർ, സീനിയർ സൂപ്രണ്ട്, എസ്.എം, ഡയറക്ടർ ഓഫ് പഞ്ചായത്ത്
7. ജി.കെ. സുനിൽ, ഡയറക്ടർ ഓഫ് പഞ്ചായത്ത്
8. അനിൽകുമാർ വി, സീനിയർ സുപ്രണ്ട്, പഞ്ചായത്ത്
9. ബി. അജയകുമാർ,പി.എ.യു സൂപ്പർ വൈസർ,കൊല്ലം
10. സി. രാധാകൃഷ്ണകുറിപ്പ്, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
11. ജിജി. ആർ.എസ്. മാനേജർ, കുടുംബശ്രീ
12. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി
13. ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി,എൽ.എസ്.ജി.ഡി
14. രോഷിനി പിള്ളെ, മാനേജർ,കുടുംബശ്രീ
15. ബിനു ഫ്രാനി, പിഒ
16. പി. രാജേഷ് കുമാർ, സ്റ്റേറ്റ് മിഷൻ മാനേജർ,കുടുംബശ്രീ
17. ജേക്കബ് ചാണ്ടി, മാനേജർ ,കുടുംബശ്രീ
18. ഭാവന.എം, മാനേജർ.(സി.ബി),കുടുംബശ്രീ